2026
MAY
15
FRIDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper






# വി.ഡി. സതീശൻ മുഖ്യമന്ത്രി

**തിരുവനന്തപുരം:** ദിവസങ്ങൾ നീണ്ട അനിശ്ചിതത്വങ്ങൾക്കും ചർച്ചകൾക്കും വിരാമം. കേരളത്തിന്റെ അടുത്ത മുഖ്യമന്ത്രിയായി വി.ഡി. സതീശനെ കോൺഗ്രസ് ഹൈക്കമാൻഡ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഡൽഹിയിൽ എ.ഐ.സി.സി ആസ്ഥാനത്ത് നടന്ന നിർണ്ണായക കൂടിക്കാഴ്ചകൾക്ക് ശേഷമാണ് ഹൈക്കമാൻഡ് പ്രതിനിധികൾ തീരുമാനം അറിയിച്ചത്. പത്തു വർഷത്തെ ഇടവേളയ്ക്ക് ശേഷം സംസ്ഥാനത്ത് യു.ഡി.എഫ് സർക്കാർ അധികാരമേൽക്കുമ്പോൾ വി.ഡി. സതീശൻ ഭരണത്തലവനാകണമെന്ന നിലപാടിലേക്ക് പാർട്ടി നേതൃത്വം എത്തുകയായിരുന്നു.

തിരഞ്ഞെടുപ്പ് ഫലം വന്ന് പത്തു ദിവസം പിന്നിട്ടിട്ടും മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിൽ കോൺഗ്രസിനുള്ളിൽ കടുത്ത തർക്കങ്ങൾ നിലനിന്നിരുന്നു. കെ.സി വേണുഗോപാൽ, രമേശ് ചെന്നിത്തല എന്നിവരുടെ പേരുകളും സജീവമായി ഉയർന്നുവന്നെങ്കിലും ഒടുവിൽ സതീശന് നറുക്കുവീഴുകയായിരുന്നു.

മുസ്ലിം ലീഗ് ഉൾപ്പെടെയുള്ള യു.ഡി.എഫിലെ പ്രമുഖ ഘടക കക്ഷികൾ വി.ഡി. സതീശന്റെ നേതൃത്വത്തിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. കഴിഞ്ഞ അഞ്ചുവർഷം പ്രതിപക്ഷ നേതാവ് എന്ന നിലയിൽ പിണറായി സർക്കാരിനെതിരെ സതീശൻ നടത്തിയ ശക്തമായ പോരാട്ടങ്ങളാണ് ഭരണവിരുദ്ധ തരംഗം സൃഷ്ടിക്കുന്നതിൽ വലിയ പങ്കുവഹിച്ചതെന്ന് ഹൈക്കമാൻഡ് വിലയിരുത്തി.

കേരളത്തിലെ വോട്ടർമാർ മാറ്റം ആഗ്രഹിക്കുന്നുവെന്നും ഒരു പുതിയ മുഖം നേതൃത്വത്തിലേക്ക് വരുന്നത് പാർട്ടിയുടെ ഭാവിക്ക് ഗുണകരമാകുമെന്നും രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കൾ നിലപാടെടുത്തു.

2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ചരിത്ര വിജയമാണ് യു.ഡി.എഫ് നേടിയത്. 140 അംഗ നിയമസഭയിൽ 102 സീറ്റുകൾ നേടിയാണ് യു.ഡി.എഫ് അധികാരത്തിലെത്തിയത്. ഡൽഹിയിലെ ഐ.സി.സി നിരീക്ഷകരായ അജയ് മാക്കൻ, മുകുൾ വാസ്നിക് എന്നിവർ എം.എൽ.എമാരുമായി നടത്തിയ ചർച്ചയിൽ ഭൂരിഭാഗം പേരും കെ.സി. വേണുഗോപാലിനെ പിന്തുണച്ചിരുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. എന്നാൽ സഖ്യകക്ഷികളുടെ സമ്മർദ്ദവും പൊതുജനവികാരവും കണക്കിലെടുത്ത് ഹൈക്കമാൻഡ് സതീശനെ തിരഞ്ഞെടുക്കുകയായിരുന്നു.

മുഖ്യമന്ത്രി പ്രഖ്യാപനം വൈകുന്നതിൽ ബി.ജെ.പി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ വലിയ പരിഹാസം ഉയർത്തിയിരുന്നു. ഭരണസ്തംഭനം ഉണ്ടാകുന്നുവെന്ന ആക്ഷേപങ്ങൾക്കിടയിലാണ് വി.ഡി സതീശനെ മുഖ്യമന്ത്രിയാക്കി കൊണ്ട് പ്രഖ്യാപനം വന്നത്

## പ്രതിപക്ഷ നേതാവായി പിണറായി വിജയൻ

**തിരുവനന്തപുരം:** പ്രതിപക്ഷ നേതാവായി പിണറായി വിജയനെ പ്രഖ്യാപിച്ചു. പത്ത് കൊല്ലം കേരള മുഖ്യമന്ത്രിയായ ശേഷം നിയമസഭ തെരഞ്ഞെടുപ്പിലെ വൻ തിരിച്ചടിക്ക് പിന്നാലെയാണ് പിണറായി വിജയൻ പ്രതിപക്ഷ സ്ഥാനത്തേക്ക് എത്തുന്നത്. സിപിഎം സംസ്ഥാന സമിതി യോഗത്തിന്റേതാണ് തീരുമാനം.






## ടീം യു.ഡി.എഫിനും ജനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി

### പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി ചെയ്തു തീർക്കും : നിയുക്ത മുഖ്യമന്ത്രി



*നിയുക്ത മുഖ്യമന്ത്രി വി.ഡി സതീശൻ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ എ.കെ. ആന്റണിയെ വസതിയിൽ എത്തി സന്ദർശിച്ചപ്പോൾ.*

**തിരുവനന്തപുരം:** ഇന്ത്യൻ നാഷണൽ കോൺഗ്രസ് വലിയൊരു ഉത്തരവാദിത്തമാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി ചെയ്തു തീർക്കുമെന്നും നിയുക്ത മുഖ്യമന്ത്രി വി.ഡി സതീശൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കോൺഗ്രസ് അധ്യക്ഷനും രാഹുൽ ഗാന്ധിയും ഉൾപ്പെടെ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിന് നന്ദി പറയുന്നു. എന്നെ ഇതിന് പ്രാപ്തനാക്കിയത് തിരഞ്ഞെടുപ്പിൽ കഠിനാധ്വാനം ചെയ്ത ലക്ഷക്കണക്കിന് യു.ഡി.എഫ് പ്രവർത്തകരും ടീം യു.ഡി.എഫായി നിന്ന നേതാക്കളുമാണ്. അവരൊടെല്ലാം കടപ്പാടുണ്ട്. കേരളത്തിലെ ജനങ്ങൾ വലിയൊരു ഉത്തരവാദിത്തമാണ് ഏൽപ്പിച്ചിരിക്കുന്നത്. പത്ത് വർഷം നീണ്ട ഭരണം അവസാനിപ്പിച്ച് 102 സീറ്റോടെയാണ് അധികാരത്തിലേറ്റിയ ജനങ്ങളോട് പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി ചെയ്തു തീർക്കും. കഠിനാധ്വാനം ചെയ്ത് പൂർണമായ അർപ്പണബോധത്തോടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനും കേരളത്തെ മാറ്റിയെടുക്കാനും പുതിയ കേരളത്തെ സൃഷ്ടിക്കാനും പുതുയുഗത്തിന് തുടക്കമിടാനും ഞങ്ങൾ എല്ലാവരും ചേർന്ന് കഠിനാധ്വാനം ചെയ്യും. രാഷ്ട്രീയ പ്രവർത്തനത്തിന്റെയും പൊതുപ്രവർത്തനത്തിന്റെയും നിർവചനം ജനങ്ങൾക്കുവേണ്ടി അർപ്പണബോധത്തോടെ ചെയ്യുന്ന പ്രവർത്തിയാണെന്ന് ഞങ്ങൾ മാറ്റിയെഴുതും. വ്യക്തിപരമായി കിട്ടിയ കാര്യമായിട്ടല്ല, ദൈവിക നിയോഗമായിട്ടാണ് ഇപ്പോൾ ലഭിച്ച സ്ഥാനത്തെ കാണുന്നത്. വലിയ വിജയത്തിന് ഞങ്ങളെ ഏറ്റവും കൂടുതൽ സഹായിച്ചത് എ.ഐ.സി.സിയാണ്. എ.ഐ.സി.സിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ ഏകോപിപ്പിച്ചത് സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി വേണുഗോപാലാണ്. എല്ലാ കാര്യങ്ങളിലും അദ്ദേഹം പിന്തുണ നൽകിയിട്ടുണ്ട്. കാമ്പയിൻ കമ്മിറ്റി ചെയർമാൻ ആയിരുന്ന രമേശ് ചെന്നിത്തലയ്ക്കും വിജയത്തിൽ പങ്കുണ്ട്. എന്റെ നേതാവ് കൂടിയാണ് ചെന്നിത്തല. പ്രിയങ്കരനായ സഹപ്രവർത്തകനും നേതാവുമാണ് കെ.സി വേണുഗോപാൽ. അവരെയെല്ലാം പൂർണവിശ്വാസത്തിൽ എടുക്കും. കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫ്, സംസ്ഥാനത്തിന്റെ ചുമതലയുണ്ടായിരുന്ന ജനറൽ സെക്രട്ടറി ദീപദാസ് മുൻഷി ഉൾപ്പെടെയുള്ളവർക്ക് വിജയത്തിൽ പങ്കുണ്ട്. എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

കേരളം സങ്കീർണമായ അവസ്ഥയിലൂടെ കടന്നു പോകുകയാണ്. പ്രതിപക്ഷത്തായിരുന്നപ്പോൾ ഞങ്ങൾ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച കേരളത്തിന്റെ ചിത്രമുണ്ട്. ആ വെല്ലുവിളികളെ നേരിടാൻ കേരളം ഒന്നിച്ചു നിൽക്കണം. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പ്രതിപക്ഷത്തിന്റെയും പിന്തുണ അഭ്യർത്ഥിക്കുന്നു. നമ്മുടെ കേരളത്തെ രക്ഷിച്ചെടുക്കാനും പുതിയ കേരളത്തെ സൃഷ്ടിച്ചെടുക്കാനും എല്ലാവരും ചേർന്നുള്ള പ്രവർത്തനത്തിലൂടെ മാത്രമെ സാധിക്കൂ. ഒരാൾക്ക് ഒറ്റയ്ക്ക് ഒന്നും ചെയ്യാനാകില്ല. ഒരു ടീമിനാകും അതു ചെയ്യാനാകുക. കേരളത്തെ രക്ഷിക്കാനുള്ള ടീം ബിൽഡ് ചെയ്യുകയെന്ന ഉത്തരവാദിത്തം ഏറ്റെടുക്കും. കേരളത്തിലെ ജനങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

നടപടിക്രമങ്ങൾ പാലിച്ചാണ് മുഖ്യമന്ത്രിയെ തീരുമാനിച്ചത്. മറ്റുപല സംസ്ഥാനങ്ങളിലും വിവിധ പാർട്ടികൾ മുഖ്യമന്ത്രിമാരെ കണ്ടെത്താൻ എത്രയോ സമയം എടുത്തിട്ടുണ്ട്. ചരിത്രം അറിയാതെ കുറ്റപ്പെടുത്തരുത്. എല്ലാ ഭാഗവും പരിശോധിച്ച്, എം.എൽ.എമാരുമായും എം.പിമാരുമായും സീനിയർ നേതാക്കളുമായും നടത്തിയ ആശയവിനിമയത്തിനു ശേഷമാണ് മുഖ്യമന്ത്രിയെ തീരുമാനിച്ചത്.

കഴിവുള്ള നിരവധി നേതാക്കളുള്ള പാർട്ടിയാണ് കോൺഗ്രസ്. അതിൽ നിന്നും ഒരാളെ തിരഞ്ഞെടുക്കുകയെന്ന ജോലി നേതൃത്വം ഭംഗിയായി നിർവഹിച്ചു. ജനങ്ങൾ യു.ഡി.എഫിനെ പ്രതീക്ഷയോടെയാണ് കണ്ടത്. അവർ വൻ വിജയമാണ് നൽകിയത്. അതിൽ അവർക്ക് പ്രതീക്ഷയുമുണ്ട്. ടീം യു.ഡി.എഫായി ഒരു പാർട്ടിയെ പോലെയാണ് പ്രവർത്തിച്ചത്. സാദിഖലി ശിഹാബ് തങ്ങളും പി.കെ കുഞ്ഞാലിക്കുട്ടിയും പി.ജെ ജോസഫും എൻ.കെ പ്രേമചന്ദ്രനും ഷിബു ബേബിജോണും സി.പി. ജോണും രാജൻ ബാബുവും മാണി സി കാപ്പനും അനൂപ് ജേക്കബും ഉൾപ്പെടെയുള്ളവർ ഒറ്റ പാർട്ടി പോലെയാണ് പ്രവർത്തിച്ചത്. അവർ എനിക്ക് അനുഗ്രഹങ്ങൾ നൽകുകയും ഉപദേശിക്കുകയും തെറ്റുകൾ തിരുത്തുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഇനിയും മുന്നോട്ട് പോകുമെന്നും നിയുക്ത മുഖ്യമന്ത്രി പറഞ്ഞു.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രി :** സൗജന്യ അലർജി മെഡിക്കൽ ക്യാമ്പ് രാവിലെ 9 ന്.
- **കോർപ്പറേഷൻ കൗൺസിൽ ഹാൾ :** കൗൺസിൽ യോഗം രാവിലെ 11 ന്.
- **പാലാരിവട്ടം പിഒസി :** കെസിബിസി മീഡിയ കമ്മീഷൻ സംഘടിപ്പിക്കുന്ന ചവിട്ടുനാടക ഫെസ്റ്റ്. സെന്റ് റോക്കീസ് നൃത്തകലാഭവന്റെ നെപ്പോളിയൻ ബോണപ്പാർട്ട് – ചരിത്രനാടകം വൈകിട്ട് 6ന്.
- **കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാൾ :** ഹിന്ദുസ്ഥാനി സംഗീതജ്ഞൻ വിജയ സുർസന്റെ ഗസൽസന്ധ്യ വൈകിട്ട് 6.30ന് .
- **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഗാനമേള അനുരാഗസന്ധ്യ വൈകിട്ട് 6ന് .
- **കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്റർ :** മലയാള മനോരമ മനോരമ ക്വിക് കേരള നടത്തുന്ന ഫുഡ് ആൻഡ് ബേക്ക് ടെക് എക്സ്പോ – രാവിലെ 10ന്.
- **പനമ്പിള്ളി നഗർ ക്പോർട്സ് കൗൺസിൽ ഗ്രൗണ്ട് :** ജില്ലാ ഫുട്ബോൾ അസോസിയേഷൻ നടത്തുന്ന കൊച്ചിൻ പ്രിമിയർ ലീഗ് ചാമ്പ്യൻഷിപ്പ് ഫുട്ബോൾ മത്സരം രാവിലെ 8ന്– എറണാകുളം ജില്ലാ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് പി വി ശ്രീനിജിൻ ഉദ്ഘാടനം ചെയ്യും.

## വരാപ്പുഴ

- **കുനമ്മാവ് സെന്റ് ഫിലോമിനാസ് വിശുദ്ധ ചാവറ തീർത്ഥാടന കേന്ദ്രം :** വിശുദ്ധ ഫിലോമിനായുടെ മധ്യസ്ഥ തിരുനാൾ വൈകിട്ട് 5ന് പ്രസുദേന്തി വാഴ്ച കൊടി കയറ്റം ദിവ്യബലി. വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ : മാത്യു കല്ലിങ്കൽ കാർമ്മികത്വം വഹിക്കും.

## കോതമംഗലം

- **സെന്റ് ജോർജ് കത്തീഡ്രൽ പാരീഷ് ഹാൾ :** ലഹരി വ്യാപനം വർധിക്കുന്ന സാഹചര്യത്തിൽ പുതിയ മദ്യനയം നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് കെ.സി.ബി.സി. മദ്യ ലഹരി വിരുദ്ധ സമിതി കോതമംഗലം രൂപത നേതൃത്വ സംഗമം ഉച്ചയ്ക്ക് 2ന്. രൂപത ഡയറക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് ജെയിംസ് കോറമ്പേൽ അധ്യക്ഷത വഹിക്കും.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സിന് കീഴിൽ തിരുവനന്തപുരം, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ അംഗീകൃത പഠനകേന്ദ്രങ്ങളിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷം ദൈർഘ്യമുള്ള ഈ കോഴ്സിലേക്ക് ഇൻറ്റേൺഷിപ്പോടുകൂടി റഗുലർ, പാർട്ട് ടൈം ബാച്ചുകളിലേക്ക് പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. ഫോൺ–7994926081.




*മുഖ്യമന്ത്രിയുടെ കുടുംബ ചിത്രം: ഭാര്യ ലക്ഷ്മി പ്രിയ, മകൾ ഉണ്ണിമായ എന്നിവർക്കൊപ്പം നിയുക്ത മുഖ്യമന്ത്രി വി.ഡി സതീശൻ.*

# ഇ–ഹെൽത്ത് കേരളയ്ക്ക് പിന്തുണയുമായി കെഫോൺ

**തിരുവനന്തപുരം:** നാഷണൽ ഹെൽത്ത് മിഷന്റെ ഇ-ഹെൽത്ത് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 457 അർബൻ ഹെൽത്ത് സെന്ററുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകാനൊരുങ്ങി കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെഫോൺ). മൾട്ടി പ്രോട്ടോക്കോൾ ലേബൽ സ്വിച്ചിങ് (MPLS) സാങ്കേതികവിദ്യ ഉപയോഗിച്ച് ആരോഗ്യ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഇ-ഹെൽത്ത് സേവനങ്ങൾ ഏകീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

പ്രവർത്തനത്തിന്റെ ഭാഗമായി തിരുവനന്തപുരം നാഷണൽ അർബൻ ഹെൽത്ത് മിഷൻ ഹെഡ് ഓഫീസിൽ കേന്ദ്ര ഹബ് സജ്ജീകരിക്കും. ഇതിലൂടെ നഗരപ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങൾ തമ്മിലുള്ള ഡാറ്റ കൈമാറ്റം കൂടുതൽ കാര്യക്ഷമമാക്കുകയും രോഗികൾക്ക് വേഗത്തിലും മെച്ചപ്പെട്ടതുമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യാൻ സാധിക്കും.

'സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ ഡിജിറ്റൽ ഏകീകരണത്തിന് നിർണായക പങ്കാണ് കെഫോൺ വഹിക്കുന്നത്,' കെഫോൺ മാനേജിങ് ഡയറക്ടർ ഡോ. സന്തോഷ് ബാബു ഐ.എ.എസ് (റിട്ട.) പറഞ്ഞു. 'ഇ-ഹെൽത്ത് കേരള പദ്ധതിയിലൂടെ അർബൻ ഹെൽത്ത് സെന്ററുകളെ ഏകീകരിക്കുന്നത് ആരോഗ്യ സേവനങ്ങൾ കൂടുതൽ സുതാര്യവും വേഗത്തിലുമാക്കും. മാത്രമല്ല ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് കെഫോണിന്റെ ലക്ഷ്യം,' അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ ഡിജിറ്റൽ മാറ്റത്തിന് ഈ സംരംഭം ശക്തമായ പിന്തുണയാകുമെന്ന് അധികൃതർ അറിയിച്ചു.

# രാജ്യന്തര തലത്തിലുള്ള വിദ്യാഭ്യാസ സഹകരണം: ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** ഭാരതത്തിന്റെ പാരമ്പര്യ ജ്ഞാന പരമ്പരയിൽ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ ആദ്യത്തെ കൽപത സർവകലാശാലയായ ചിന്മയ വിശ്വവിദ്യാപീഠം അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് മേരിലാൻഡ്, ബാൾട്ടിമോർ കൗണ്ടി (UMBC)യുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ വാരിയം റോഡിലെ പ്രണ്ജാപ്രതിഷ്ഠാനിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസിലർ പ്രൊഫ.മനോജ് കുമാർ അറോറയും, യൂണിവേഴ്സിറ്റി ഓഫ് മേരിലാൻഡ്, ബാൾട്ടിമോർ കൗണ്ടിയിലെ മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്ക്സ് വിഭാഗം മേധാവി പ്രൊഫ. നഗരാജ് കെ. നീർച്ചലും തമ്മിലാണ് ധാരണാപത്രം ഒപ്പുവച്ചത്. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല രജിസ്ട്രാർ ഇൻ ചാർജ് പ്രൊഫ. പി.രാജേന്ദ്രൻ, സെന്റർ ഓഫ് എക്സലൻസ് ഫോർ IKS-CKS ഇന്റഗ്രേഷൻ ആൻഡ് ഇന്നോവേഷൻ (CoE IKS-CKS) മേധാവി പ്രൊഫ.രമേഷ് പട്നി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. ധാരണപത്രം ഒപ്പുവയ്ക്കുന്നതിലൂടെ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ രാജ്യാനന്തര തലത്തിലുള്ള വളർച്ചയിൽ നിർണായക ചുവട് വയ്പ്പാണെന്ന് വൈസ് ചാൻസിലർ പ്രൊഫ.മനോജ് കുമാർ അറോറ അഭിപ്രായപ്പെട്ടു. ഭാരതത്തിന്റെ പാരമ്പര്യ വിജ്ഞാനത്തെ രാജ്യാന്തര തലത്തിൽ വ്യാപിപ്പിക്കുന്നതിൽ ഇരു സർവകലാശാലകളും തമ്മിലുള്ള സഹകരണം നിർണായക ഘടകമായി മാറുമെന്നും അദ്ദേഹം പറഞ്ഞു. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ ഇന്റർനാഷണൽ റിലേഷൻസ് ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടറും, അസിറ്റന്റ് പ്രൊഫസറുമായ അനുപമ ജിംസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് സഹകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

ഇരു സർവകലാശാലയിലെയും വിദ്യാർഥികൾക്ക് ഭാരതത്തിന്റെ പാരമ്പര്യ വിജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളിൽ സജീവമായി പങ്കെടുക്കാൻ സാധിക്കും വിദേശ വിദ്യാർത്ഥികൾക്ക് ഭാരതത്തിന്റെ തത്വചിന്ത, സംസ്കാരം, വിജ്ഞാന പാരമ്പര്യം എന്നിവയിൽ ആഴത്തിലുള്ള അക്കാദമിക് അനുഭവം നേടാൻ ധാരണാപത്രം വഴിയൊരുക്കും. ആദ്യഘട്ടമായി യൂണിവേഴ്സിറ്റി ഓഫ് മേരിലാൻഡ്, ബാൾട്ടിമോർ കൗണ്ടിയിലെ 12 വിദ്യാർത്ഥികൾ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല സംഘടിപ്പിക്കുന്ന റെസിഡൻഷ്യൽ ഗുരുകുല അധിഷ്ഠിത ഹോളിസ്റ്റിക് എജ്യുക്കേഷൻ പരിപാടിയിൽ പങ്കെടുക്കും വെളിയനാട് ചിൻമയ ഇന്റർനാഷണൽ ഫൗണ്ടേഷനിലായിരിക്കും ക്ലാസുകൾ.



*ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയും അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് മേരിലാൻഡ്, ബാൾട്ടിമോർ കൗണ്ടിയുമായി ധാരണാപത്രം ഒപ്പുവച്ചപ്പോൾ, വൈസ് ചാൻസിലർ പ്രൊഫ.മനോജ് കുമാർ അറോറ, യൂണിവേഴ്സിറ്റി ഓഫ് മേരിലാൻഡ്, ബാൾട്ടിമോർ കൗണ്ടിയിലെ മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്ക്സ് വിഭാഗം മേധാവി പ്രൊഫ. നഗരാജ് കെ. നീർച്ചൽ, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല രജിസ്ട്രാർ ഇൻ ചാർജ് പ്രൊഫ.പി. രാജേന്ദ്രൻ, സെന്റർ ഓഫ് എക്സലൻസ് ഫോർ IKS-CKS ഇന്റഗ്രേഷൻ ആൻഡ് ഇന്നോവേഷൻ മേധാവി പ്രൊഫ.രമേഷ് പട്നി, സർവകലാശാല ഡീൻ റസർച്ച് ആന്റ് ഡവലപ്മെന്റ് പ്രൊഫ.സുനിത ഗ്രാന്ധി, ഇന്റർനാഷണൽ റിലേഷൻസ് ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടർ അനുപമ ജിംസ് എന്നിവർ സമീപം.*

# സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്: തദ്ദേശ സ്വയംഭരണ വകുപ്പിന് ചുമതല

**തിരുവനന്തപുരം:** സംസ്ഥാനത്തെ സ്കൂളുകളുടെ സുരക്ഷാ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി. ജൂൺ ഒന്നിന് പുതിയ അധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ, സ്കൂൾ കെട്ടിടങ്ങളുടെയും പരിസരത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിനായി പുതുക്കിയ മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ഇനി മുതൽ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത്.

ഫിറ്റ്നസ് പരിശോധനയ്ക്കായി 17 പോയിന്റുകൾ ഉള്ള വിശദമായ ഒരു ചെക്ക്ലിസ്റ്റും വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ കെട്ടിടത്തിന്റെ ബലം, ചുറ്റുമതിലിന്റെ സുരക്ഷ, അപകടകരമായ കുഴികളോ ചരിവുകളോ ഇല്ലാത്ത അവസ്ഥ, മരങ്ങളുടെയും ശിഖരങ്ങളുടെയും സുരക്ഷ എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തണം. കൂടാതെ, അസ്ബറ്റോസ്/ടിൻ/അലുമിനിയം ഷീറ്റുകൾ പാകിയ മേൽക്കൂരകൾ മാറ്റിയിട്ടുണ്ടെന്നും കിണറുകൾക്കും മറ്റും സുരക്ഷിതമായ സംരക്ഷണ ഭിത്തികൾ ഉണ്ടെന്നും ഉറപ്പാക്കണം.

വൈദ്യുത സുരക്ഷയ്ക്കും ശുചിത്വത്തിനും പ്രത്യേക പ്രാധാന്യമാണ് പുതിയ നിർദ്ദേശങ്ങളിൽ നൽകിയിരിക്കുന്നത്. സ്കൂളുകളിലെ ഇലക്ട്രിക്കൽ വയറിംഗ് സുരക്ഷിതമാണെന്നും ട്രാൻസ്ഫോർമറുകൾക്ക് ചുറ്റും വേലി കെട്ടിയിട്ടുണ്ടെന്നും അധികൃതർ ഉറപ്പുവരുത്തണം. മതിയായ വെന്റിലേഷനുള്ള വൃത്തിയുള്ള ശൗചാലയങ്ങൾ, കുടിവെള്ള ലഭ്യത, സ്കൂൾ പരിസരത്തെ മാലിന്യ നിർമ്മാർജ്ജനം, എലി നശീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മോട്ടോർ വാഹന വകുപ്പിൽ നിന്ന് പ്രത്യേകം കൈപ്പറ്റേണ്ടതുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

# ശക്തമായ കാറ്റും മഴയും; മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്ന്

**കൊച്ചി:** കേരള – ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് കേരളത്തീരത്ത് മത്സ്യബന്ധനത്തിന് പോകാൻപാടില്ലെന്നും കർണാടക തീരത്ത് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കേരള – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത.

നാളെയും മറ്റന്നാളും തമിഴ്നാട് തീരം, ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ , അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, വടക്ക് കിഴക്കൻ ബംഗാൾ ഉൾക്കടൽ , ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാലും തിങ്കളാഴ്ച തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടൽ, അതിനോട് ചേർന്ന തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, മധ്യ കിഴക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതായി കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

# അഖിലകേരള ചിത്രരചനാ മത്സരം നാളെ

**കൊച്ചി:** എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായിരുന്ന പ്രൊഫസർ എം.കെ. സാനുമാഷിന്റെ സ്മരണാർത്ഥം ഫേസ് ഫൗണ്ടേഷനും കേരള സംസ്ഥാന ശിശുക്ഷേമ സമിതിയും ചേർന്ന് അഖില കേരള ചിത്ര രചനാ മത്സരം സംഘടിപ്പിക്കുന്നു. നാളെ രാവിലെ 9.30ന് എറണാകുളം ചിൽഡ്രൻസ് പാർക്കിൽ കുട്ടികൾക്കായുള്ള വാട്ടർ കളർ പെയിന്റിങ് മത്സരം നടക്കും. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.

ചിത്രകലാരംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ നേതൃത്വം നൽകുന്ന മത്സരം ആർട്ടിസ്റ്റ് ടി. കലാധരൻ ഉദ്ഘാടനം നിർവഹിക്കും.

ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അഡ്വ. സുനിൽ ഹരീന്ദ്രൻ മുഖ്യാതിഥിയായെത്തുന്ന ചടങ്ങിൽ ഫേസ് ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റിസ് പി.എൻ. രവീന്ദ്രൻ അധ്യക്ഷത വഹിക്കും. പുരസ്കാര നാമകരണം മുൻ കൊച്ചി മേയർ സൗമിനി ജയിൻ നിർവഹിക്കും. സംഘാടകസമിതി കൺവീനർ കെ.പി. ശിവദാസ് , ഫേസ് ഫൗണ്ടേഷൻ സെക്രട്ടറി മുകുന്ദൻ വിജയകുമാർ തുടങ്ങിയവർ സംസാരിക്കും.

## എറണാകുളം ജില്ലയിൽ രാത്രികാല വെറ്ററിനറി സേവനം: ഡോക്ടർമാരെയും ഡ്രൈവർമാരെയും നിയമിക്കുന്നു

**കൊച്ചി:** സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന 'അടിയന്തര രാത്രികാല വെറ്ററിനറി സേവന' പദ്ധതിയിലേക്ക് എറണാകുളം ജില്ലയിൽ താൽക്കാലിക നിയമനം നടത്തുന്നു. വെറ്ററിനറി ഡോക്ടർ, ഡ്രൈവർ-കം-അറ്റന്റന്റ് തസ്തികകളിലായി ഒമ്പത് വീതം ഒഴിവുകളാണുള്ളത്. 89 ദിവസത്തേക്കാണ് നിയമനം. താത്പര്യമുള്ളവർ ഇന്ന് ആലുവയിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടക്കുന്ന വാക്ക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കണം. യോഗ്യത: B.V.Sc & AH ബിരുദവും കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനും. ക്ലിനിക്കൽ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, ക്ലിനിക്കൽ മെഡിസിൻ സർജറി എന്നിവയിൽ ബിരുദാനന്തര ബിരുദമുള്ളവർക്കും കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ളവർക്കും മുൻഗണന ലഭിക്കും. രാവിലെ 11 മണിമുതൽ 1 മണിവരെയാണ് ഇന്റർവ്യൂ.

# സൗജന്യ അലർജി മെഡിക്കൽ ക്യാമ്പ് ഇന്ന്

**കൊച്ചി :** ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഇന്ന് സൗജന്യ അലർജി മെഡിക്കൽ ക്യാമ്പ് നടക്കും. രാവിലെ 9 മണി മുതലാണ് ക്യാമ്പ്. പങ്കെടുക്കുന്നവർക്ക് സൗജന്യ നിരക്കിൽ ടിഎസ്എച്ച്, ഷുഗർ ടെസ്റ്റ്, അലർജി ടെസ്റ്റ്, വിറ്റാമിൻ ബി12, വിറ്റാമിൻ ഡി3, ഫെറിറ്റിൻ, എച്ച്ബിഎ1സി, ലിപിഡ് പ്രൊഫൈൽ, എസ്.ഐജിഇ ലെവൽസ് എന്നീ പരിശോധനകൾ ചെയ്തു കൊടുക്കും. കൂടുതൽ വിവരങ്ങൾക്ക് 0484 4077400, 7025350481.

# സംരക്ഷിത കടൽജീവികളുടെ നിയമവിരുദ്ധ വ്യാപാരം തടയാൻ പങ്കാളിത്ത സമീപനം വേണം; ദേശീയ ശിൽപശാല തുടങ്ങി

**കൊച്ചി:** സംരക്ഷിത പട്ടികയിലുള്ള കടൽജീവികളുടെ നിയമവിരുദ്ധ വ്യാപാരം തടയാൻ മത്സ്യത്തൊഴിലാളി പങ്കാളിത്ത സമീപനം അനിവാര്യമെന്ന് വിദഗ്ധർ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) തുടങ്ങിയ ത്രിദിന ദേശീയ ശിൽപശാലയിലാണ് ആവശ്യം ഉയർന്നത്. തീരദേശവാസികളുടെ ഉപജീവനം കൂടി പരിഗണിച്ചുള്ള സംരക്ഷണരീതികളും വിവിധ ഏജൻസികളുടെ കൂട്ടായ ശ്രമങ്ങളും ആവശ്യമാണ്. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിരീക്ഷണ സംവിധാനം, സാമൂഹിക-പാരിസ്ഥിതിക തലങ്ങൾ മനസ്സിലാക്കിയുള്ള നിയമനിർമാണം എന്നിവ ആവശ്യമാണെന്നും ശിൽപശാലയിൽ നിർദേശമുയർന്നു.

സിഎംഎഫ്ആർഐ, വൈൽഡ്ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യ എന്നിവർ സംയുക്തമായാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.

സ്രാവ് ചിറക്, തിരിയുടെ ഗിൽ പ്ലേറ്റ്, കടൽവെള്ളരി, കടൽക്കുതിര, വിവിധയിനം ശംഖുകൾ എന്നിവ കേന്ദ്രീകരിച്ചാണ് സംരക്ഷിത കടൽ ജീവികളുടെ നിയമവിരുദ്ധമായ വ്യാപാരം പ്രധാനമായും നടക്കുന്നത്.

2010-നും 2022-നും ഇടയിലുള്ള പഠനങ്ങൾ പ്രകാരം ഇന്ത്യയിൽ 17 അനധികൃത സ്രാവ് ഉൽപ്പന്ന വേട്ടകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 82 ശതമാനവും സ്രാവ് ചിറകാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മനു സത്യൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. പിടിച്ചെടുക്കുന്ന കടൽ ജീവികളെ കൃത്യമായി തിരിച്ചറിയുക എന്നതാണ് അന്വേഷണ ഏജൻസികൾ നേരിടുന്ന വലിയ വെല്ലുവിളി. ഇതിനായി സിഎംഎഫ്ആർഐ പോലുള്ള സ്ഥാപനങ്ങളുടെ ശാസ്ത്രീയ സഹായം ഉറപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു. അനധികൃത വ്യാപാരം തടയുന്നതിനും സമുദ്രവന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും വിവിധ ഏജൻസികളുടെ കൂട്ടായ്മ രൂപീകരിക്കണമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.



*സംരക്ഷിത പട്ടികയിലുള്ള കടൽജീവികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയിൽ തുടങ്ങിയ ദേശീയ ശിൽപശാലയിൽ സംബന്ധിക്കുന്നവർ.*

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വനംവകുപ്പ് ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരക്ഷണ പ്രവർത്തകർ എന്നിവർ ശിൽപശാലയിൽ പങ്കെടുക്കുന്നുണ്ട്. പവിഴപ്പുറ്റുകൾ, സമുദ്ര സസ്തനികൾ, ശംഖിനങ്ങൾ, കടലാമകൾ എന്നിവയുടെ തിരിച്ചറിയൽ, സൈബർ കുറ്റകൃത്യങ്ങളിലെ ഡിജിറ്റൽ തെളിവ് ശേഖരണം, നിയമനടപടികൾ എന്നിവയിലാണ് പ്രധാനമായും പരിശീലനം നൽകുന്നത്.

സി.എം.എഫ്.ആർ.ഐ, ഡബ്ല്യു.ഡബ്ല്യു.എഫ്, ഡബ്ല്യു.സി.സി.ബി, വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (WII) തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ധർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. സിഎംഎഫ്ആർഐ യിലെ ഫിൻഫിഷ് ഫിഷറീസ് വിഭാഗം മേധാവി ഡോ ശോഭ ജോ കിഴക്കൂടൻ, ഡബ്ല്യു.ഡബ്ല്യു.എഫ് സീനിയർ ഡയറക്ടർ ദീപാങ്കർ ഘോഷ് തുടങ്ങിയവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടൈ വുമൺ കേരള ലോഞ്ച് സംഘടിപ്പിച്ചു; വലിയ സ്വപ്നങ്ങളിലൂടെ വലുതായി വളരണം: ഷീല കൊച്ചൗസേപ്പ്

**കൊച്ചി:** വലിയ സ്വപ്നങ്ങൾ കാണുകയും വലുതായി വളരുകയും ചെയ്യണമെന്ന് വി സ്റ്റാർ ക്രിയേഷൻസ് സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമായ ഷീല കൊച്ചൗസേപ്പ് പറഞ്ഞു. വനിതാ സംരംഭകർക്കും സഹസംരംഭകർക്കുമായി ടൈ വുമൺ സംഘടിപ്പിച്ച കേരള ലോഞ്ച് 2026– 27ൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ഷീല കൊച്ചൗസേപ്പ്.

സ്ത്രീകൾ കൂടുതൽ കഴിവുള്ളവരും വേഗത്തിൽ കാര്യങ്ങൾ ചെയ്യുന്നവരുമാണ്. എന്നാൽ പലപ്പോഴും സ്ത്രീകളുടെ നെഗറ്റീവ് വശങ്ങളാണ് എടുത്തു കാണിക്കാറുള്ളത്. നെഗറ്റീവ് വശങ്ങളല്ല പോസിറ്റീവ് വശങ്ങളാണ് ചൂണ്ടിക്കാട്ടേണ്ടത്.

ഏത് ബിസിനസിന് ഇറങ്ങിയാലും റിസ്കുണ്ട്. ഓരോ പുതിയ ചുവടുവെയ്പും റിസ്കാണെന്ന് തിരിച്ചറിയണം.



*ടൈ വുമൺ കേരള ലോഞ്ച് 2026– 27 വി സ്റ്റാർ ക്രിയേഷൻസ് സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമായ ഷീല കൊച്ചൗസേപ്പ് ഉദ്ഘാടനം ചെയ്യുന്നു. ശേഷാദ്രിനാഥൻ സെക്യൂരിറ്റീസ് ഡയറക്ടർ ശേഷാദ്രിനാഥൻ, എസ് സി എം എസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. ഇന്ദു നായർ, പ്രിസർവ് ആലപ്പി സൊസൈറ്റി മുൻ പ്രസിഡന്റ് കുഞ്ഞുമേരി, സെക്രട്ടറി റാണി ജോൺ, ടൈവുമൺ ചെയർ ഡോ. നിഷ ജോസ്, ടൈ കേരള മുൻ പ്രസിഡന്റ് ജേക്കബ് ജോയ്, ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ടൈ കേരള എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ തലക്കലാട്ട് എന്നിവർ സമീപം.*

ശക്തമായ മനസ്സും ധൈര്യവും ഉള്ളവരാണ് ബിസിനസ് രംഗത്ത് ഇറങ്ങേണ്ടതെന്നും ഷീല കൊച്ചൗസേപ്പ് പറഞ്ഞു. എല്ലാ ദിവസവും പ്രശ്നങ്ങൾ നേരിടേണ്ടി വരുമെന്നതിനാൽ തങ്ങളുടെ രംഗവുമായി ബന്ധപ്പെട്ട പഠനം തുടരുകയും ജാഗ്രത നിലനിർത്തുകയും വേണം. മൂല്യങ്ങളും വിശ്വസ്തതയും സൃഷ്ടിക്കാനാവണമെന്നും അവർ പറഞ്ഞു.

ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് അധ്യക്ഷത വഹിച്ചു. ടൈ കേരള മുൻ പ്രസിഡന്റ് ജേക്കബ് ജോയ്, ടൈ വുമൺ ചെയർ ഡോ. നിഷ ജോസ്, ശേഷാദ്രിനാഥൻ സെക്യൂരിറ്റീസ് ഡയറക്ടർ ശേഷാദ്രിനാഥൻ എന്നിവർ പ്രസംഗിച്ചു.

പ്രിസർവ് ആലപ്പി സൊസൈറ്റി ഭാരവാഹികളായ റാണി ജോൺ, കുഞ്ഞു മേരി ജോൺ എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു. എസ് സി എം എസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. ഇന്ദു നായർ മോഡറേറ്ററായിരുന്നു.

കളമശ്ശേരി എസ് സി എം എസ് കോളജിൽ എംബ്രേസ്, എൻഗേജ്, എംപവർ എന്ന വിഷയത്തിൽ നടന്ന ലോഞ്ചിൽ നിരവധി വനിതാ സംരംഭകർ പങ്കെടുത്തു.ടൈ വുമൺ ഇനീഷ്യേറ്റീവിൽ പങ്കെടുക്കാൻ https://tiewomen.org/ എന്ന ലിങ്കിലോ 7025888862 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

# കേരളത്തിലെ ഏറ്റവും വലിയ ചോക്ലേറ്റ് മേളക്ക് സാക്ഷിയായി ലുലു;

## ബിഗ് ചോക്കോ ഡേയിസിന് മികച്ച സ്വീകരണം

**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ ചോക്ലേറ്റ് മേളയുമായി ലുലു ഒരുക്കിയ ബിഗ് ചോക്കോ ഡേയിസിന് മികച്ച സ്വീകരണം. ചോക്ലേറ്റ് ഫെസ്റ്റ് തുടങ്ങിയ ദിവസം മുതൽ ഫെസ്റ്റ് ആസ്വദിക്കാൻ കസ്റ്റമേഴ്സിന്റെ മികച്ച പങ്കാളിത്തമാണ് ലുലു ഹൈപ്പർമാർക്കറ്റിൽ അനുഭവപ്പെടുന്നത്. ഹൈപ്പർമാർക്കറ്റിലും മാൾ ഏട്രിയത്തിലുമായി ഒരുക്കിയ പവലിയനിൽ നിന്ന് ആവശ്യാനുസരണം ചോക്ലേറ്റ് വാങ്ങുവാനും രുചിക്കുവാനുമുള്ള അവസരം ഒരുക്കിയിട്ടുണ്ട്. വിവിധ ബ്രാൻഡഡ് ചോക്ലേറ്റുകൾക്ക് മികച്ച വിലക്കുറവ് ഒരുക്കിയാണ് മേള മുന്നോട്ട് പോകുന്നത്. ലോകത്തിലെ ഏറ്റവും മികച്ച ബ്രാൻഡുകളുടെ ചോക്ലേറ്റുകൾ, വാഫിൾസ്, ഡോനട്ട്സ്, കേക്കുകൾ എന്നിവയുമായി ലുലു ഹൈപ്പർമാർക്കറ്റിൽ ബിഗ് ചോക്കോ ഡേയിസ് തുടരുന്നത്. ബിഗ് ചോക്കോ ഡേയിസിന്റെ പവലിയന്റെ ഉദ്ഘാടനം കൊച്ചി ലുലു റീജണൽ ഡയറക്ടർ സുധീഷ് ചെരിയിൽ നിർവഹിച്ചു. മാർസ്, കീ അക്കൗണ്ട്സ് മാനേജർ ജിജോ, കാഡ്ബറി കീ അക്കൗണ്ട്സ് മാനേജർ ഉമാശങ്കർ, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ബയ്യിങ്ങ് മാനേജർ സന്തോഷ് കൊട്ടാരത്ത്, അസിസ്റ്റന്റ് ബയ്യിങ്ങ് മാനേജർ ശ്യാം കുമാർ, കാറ്റഗറി ബയ്യർ സനജ് എന്നിവർ പങ്കെടുത്തു.

സ്നിക്കേഴ്സ് ,ഗാലക്സി, നെസ്റ്റ്ലേ, ഫെരേറോ റോച്ചർ, ഡാർക്ക് ഫാന്റസി, ക്യാഡ്ബറി എന്നിവരുമായി സഹകരിച്ചാണ് ബിഗ് ചോക്കോ ഡേ നടത്തുന്നത്. ലിന്റ്, ഡൊാബ്ര, ഹെർഷെയ്സ്, സ്പ്രഡി, യുണിബിക്, പ്യൂവർ ഹാർട്ട്, ഒറിയോ, കോപികോ, നൂട്ടെല്ല, മിൽക്ക് മിസ്റ്റ് തുടങ്ങി 30 ലധികം ബ്രാൻഡുകൾ പങ്കെടുക്കുന്നുണ്ട്. പ്രീമിയം ഇമ്പോർട്ടഡ് ഡാർക്ക്, മിൽക്ക് വൈറ്റ് തുടങ്ങിയ ചോക്ലേറ്റുകളുടെ വൈവിധ്യമാർന്ന രുചികൾ ആണ് ഉപഭോക്താക്കൾക്കായി തയ്യാറാക്കിയിരിക്കുന്നത്. ചോക്ക്ളേറ്റ് തീമിലൊരുക്കിയ വിവിധ ഗെയിമുകളും അരങ്ങേറും ബിഗ് ചോക്കോ ഡെയിസ് മെയ് 17ന് സമാപിക്കും.




*ബിഗ് ചോക്കോ ഡേയിസിന്റെ പവലിയൻ ഉദ്ഘാടനം കൊച്ചി ലുലു റീജണൽ ഡയറക്ടർ സുധീഷ് ചെരിയിൽ നിർവഹിക്കുന്നു. മാർസ്, കീ അക്കൗണ്ട്സ് മാനേജർ ജിജോ, കാഡ്ബറി കീ അക്കൗണ്ട്സ് മാനേജർ ഉമാശങ്കർ, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ബയ്യിങ്ങ് മാനേജർ സന്തോഷ് കൊട്ടാരത്ത്, അസിസ്റ്റന്റ് ബയ്യിങ്ങ് മാനേജർ ശ്യാം കുമാർ, കാറ്റഗറി ബയ്യർ സനജ് എന്നിവർ സമീപം.*

# എൻ.ഡി.ആർ.എഫ് റീജിയണൽ റെസ്പോൺസ് സെന്ററിന് തറക്കല്ലിട്ടു



**കൊച്ചി:** കേരളത്തിന്റെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകി എറണാകുളത്ത് ദേശീയ ദുരന്ത നിവാരണ സേനയുടെ (എൻ.ഡി.ആർ.എഫ്) റീജിയണൽ റെസ്പോൺസ് സെന്ററിന് തറക്കല്ലിട്ടു. എറണാകുളം ഇരുമ്പനം - എരൂർ റോഡിൽ കേരള സർക്കാർ അനുവദിച്ച അഞ്ച് ഏക്കർ ഭൂമിയിലാണ് അത്യാധുനിക സൗകര്യങ്ങളോടെയുള്ള റീജിയണൽ റെസ്പോൺസ് സെന്റർ ഉയരുന്നത്. എൻ.ഡി.ആർ.എഫ് നാലാം ബറ്റാലിയന്റെ കീഴിൽ ആരംഭിക്കുന്ന കേന്ദ്രത്തിന്റെ ശിലാസ്ഥാപനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വീഡിയോ കോൺഫറൻസ് വഴി നിർവഹിച്ചു.

തമിഴ്നാട്ടിലെ ആരക്കോണം ആസ്ഥാനമായി പ്രവർത്തിക്കുന്ന നാലാം ബറ്റാലിയന്റെ രണ്ട് ടീമുകളാണ് നിലവിൽ കേരളത്തിലുള്ളത്. തൃശൂരിലെ കേരള സിവിൽ ഡിഫൻസ് അക്കാദമിയിൽ താൽക്കാലികമായി പ്രവർത്തിച്ചു വരുന്ന ഈ സംഘത്തിന് പുതിയ കേന്ദ്രം സജ്ജമാകുന്നതോടെ സ്ഥിരമായ ആസ്ഥാനമാകും.

ദുരന്ത സാഹചര്യങ്ങളിൽ സേനാംഗങ്ങൾക്ക് അതിവേഗം വിന്യസിക്കപ്പെടാൻ സഹായിക്കുന്ന രീതിയിലുള്ള ബാറക്കുകൾ, അത്യാവശ്യ ഉപകരണങ്ങൾ സൂക്ഷിക്കാനുള്ള സ്റ്റോർ റൂമുകൾ, പരിശീലന ബ്ലോക്കുകൾ എന്നിവയടങ്ങിയ വിപുലമായ സമുച്ചയമാണ് ഇവിടെ നിർമ്മിക്കുന്നത്. മധ്യകേരളത്തിൽ എൻ.ഡി ആർ. എഫിന് സ്ഥിരമായ ഒരു കേന്ദ്രം വരുന്നത് പ്രകൃതിക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള അടിയന്തര ഘട്ടങ്ങളിൽ രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കും.

ചടങ്ങിൽ എൻ ഡി ആർ എഫ് ഡെപ്യൂട്ടി കമാൻഡന്റ് എസ് വൈത്തിയലിംഗം, സി.ഐ.എസ്.എഫ് ബി.പി.സി.എൽ യൂണിറ്റ് ഡെപ്യൂട്ടി കമാൻഡന്റ് ഗിരീശൻ എന്നിവർ പങ്കെടുത്തു.

# പുതിയ പ്രിന്ററുകളും സ്കാനറുകളും അവതരിപ്പിച്ച് കാനൻ ഇന്ത്യ




**കൊച്ചി:** കാനൻ ഇന്ത്യ ബിസിനസ് ഇമേജിംഗ് പോർട്ട്ഫോളിയോ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇമേജ്ഫോഴ്സ് സി3150 എ3 കളർ മൾട്ടിഫങ്ഷൻ ഡിവൈസും ഇമേജ്ഫോർമുല ഡി.ആർ-സി340/350 ഡോക്യുമെന്റ് സ്കാനറുകളും അവതരിപ്പിച്ചു. ഉയർന്ന നിലവാരത്തിലുള്ള ഒ.എൽ.ഇ.ഡി സാങ്കേതികവിദ്യയും 300 ജി.എസ്.എം മീഡിയ സപ്പോർട്ടും ഉൾക്കൊള്ളുന്ന ഇമേജ്ഫോഴ്സ് സി3150 മിനിറ്റിൽ 50 പേജുകൾ വരെ അതിവേഗ കളർ പ്രിന്റിംഗ് നൽകുന്നു. എന്റർപ്രൈസുകൾ, ചെറുകിട-ഇടത്തരം



സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, കോപ്പി ഷോപ്പുകൾ എന്നിവ ലക്ഷ്യമിട്ടാണ് ഈ ഉപകരണം അവതരിപ്പിച്ചിരിക്കുന്നത്.

ഡോക്യുമെന്റ് ഡിജിറ്റൈസേഷനും വർക്ക്ഫ്ലോ മാനേജ്മെന്റും കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടത്തുന്നതിനായി ഡി.ആർ-സി340, ഡി.ആർ-സി350 എന്നീ കോംപാക്ട് സ്കാനറുകളും കാനൻ അവതരിപ്പിച്ചു. പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും ഡിജിറ്റൽ പരിവർത്തനത്തിന് പിന്തുണ നൽകുന്നതിനും ലേസർ കോപ്പിയർ വിപണിയിലെ കാനന്റെ നേതൃത്വ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമാണെന്ന് കാനൻ ഇന്ത്യ പ്രസിഡന്റും സി.ഇ.ഒയുമായ തോഷിയാക്കി നൊമുറ പറഞ്ഞു.

# എഐ; 2030 ഓടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തുമെന്ന് പഠനം



**കൊച്ചി:** രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ ശക്തിപ്പെടുത്തുന്ന ഒരു അടിസ്ഥാന ശക്തിയായി നിർമിത ബുദ്ധി നീങ്ങാൻ ഒരുങ്ങുന്നതിനാൽ ഇന്ത്യ അതിന്റെ സാമ്പത്തിക പരിവർത്തനത്തിൽ നിർണായക ഘട്ടത്തിലേക്ക് കടക്കുകയാണെന്ന് ഐബിഎമ്മും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബിസിനസ് വാല്യൂവും ഇന്ത്യ എഐയും നടത്തിയ പുതിയ പഠനം. 2030 ആകുമ്പോഴേക്കും ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിൽ നിർമിത ബുദ്ധി 500 ബില്യൺ ഡോളറിലധികം സംഭാവന ചെയ്യുമെന്നും ലോകത്തിലെ ഏറ്റവും ചലനാത്മകമായ എഐ നയിക്കുന്ന സമ്പദ്വ്യവസ്ഥകളിൽ രാജ്യം സ്ഥാനം പിടിക്കുമെന്നും പഠനം വെളിപ്പെടുത്തുന്നു.'വാഗ്ദാനത്തിൽ നിന്ന് അധികാരത്തിലേക്ക്: എഐ ഇന്ത്യയുടെ സാമ്പത്തിക ഭാവിയെ എങ്ങനെ പുനർനിർവചിക്കുന്നു' എന്ന തലക്കെട്ടിലുള്ള പഠനം ഡെൽഹിയിൽ കേന്ദ്ര ഇലക്ട്രോണിക്സ് & ഐടി സെക്രട്ടറി എസ് കൃഷ്ണൻ പുറത്തിറക്കി. എഐ നിക്ഷേപങ്ങൾ ഇന്ത്യയുടെ ജിഡിപി വളർച്ചയെ നേരിട്ട് സ്വാധീനിക്കുമെന്ന് പഠനത്തിന്റെ ഭാഗമായ അഞ്ചിൽ നാല് വ്യവസായ പ്രമുഖർ വിശ്വസിക്കുന്നു, 2030 ഓടെ ഇന്ത്യ ഒരു മുൻനിര ആഗോള എഐ രാഷ്ട്രമായി ഉയർന്നു വരുമെന്ന് 73% പേരും പ്രതീക്ഷിക്കുന്നു.

എഐ അവലംബിക്കുന്നതിൽ സമകാലികരായ ആഗോള കമ്പനികളെക്കാൾ പിന്നിലാണെന്ന് സർവേയിൽ പങ്കെടുത്ത 72% സ്ഥാപനങ്ങളും സമ്മതിക്കുന്നത് ഒരു പരിമിതിയായി പഠനം കണ്ടെത്തുന്നു. പ്രതികരിച്ചവരിൽ 57% പേർ ഡാറ്റ ഗുണനിലവാരത്തിലെ ഏറ്റകുറച്ചിലുകളും 77% പേർ ചെലവേറിയതും സുരക്ഷിതമായ ക്ലൗഡ് അടിസ്ഥാന സൗകര്യത്തിന്റെ അഭാവവും എഐ കുതിപ്പിന് പ്രധാന തടസ്സങ്ങളാണെന്ന് പറയുന്നു. നിർമിത ബുദ്ധിയിൽ വിദഗ്ദരെ സൃഷ്ടിക്കുന്നതിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും നൈപുണ്യ വിടവിലേക്ക് പഠനം വിരൽ ചൂണ്ടുന്നു. നിലവിൽ 30% ജീവനക്കാർക്ക് മാത്രമേ വ്യാപാരങ്ങൾക്ക് ആവശ്യമുള്ള എഐ സാക്ഷരതാ നിലവാരം ഉള്ളൂ. എന്നാൽ 2030ൽ ഇത് 57% ആയി ഉയരുമെന്ന് പ്രതികരിച്ചവർ സൂചിപ്പിക്കുന്നു. 2030 ഓടെ ഇന്ത്യയിൽ ആവശ്യമായ മൊത്തം എഐ പ്രതിഭകൾ 350 ദശലക്ഷത്തിലധികമാകുമെന്ന് പഠനം വ്യക്തമാക്കുന്നു.

## വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ കലൂരിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ്ങ് സ്കൂളിൽ വിവിധ കോഴ്സുകളിലേക്കും എൻജിനീയറിങ്/ഡിപ്ലോമ വിദ്യാർത്ഥികൾക്കായുള്ള ഇന്റേൺഷിപ്പുകളിലേക്കും അപേക്ഷ ക്ഷണിച്ചു. ജെറിയാട്രിക് കെയർ ഡിപ്ലോമ (6 മാസം), ഓഫീസ് എക്സിക്യൂട്ടീവ് ട്രെയിനിംഗ് (3 മാസം) എന്നീ കോഴ്സുകളിലേക്ക് പ്ലസ് ടു പാസ്സായവർക്ക് അപേക്ഷിക്കാവുന്നതാണ്. കൂടാതെ എംബഡഡ് സിസ്റ്റം ഡിസൈൻ യൂസിങ് STM 32, പൈത്തൺ ഡിജാംഗോയിൽ ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് എന്നീ മൂന്ന് മാസത്തെ കോഴ്സുകളിലേക്കും അപേക്ഷിക്കാം. ഫോൺ-0484 2985252, 8547005004, 9495965860.

# മെക്കോ മെറിറ്റസ് കപ്പ്: റയോ റേസിങിന് ഇരട്ട നേട്ടം

**കൊച്ചി:** ബെംഗളൂരുവിൽ നടന്ന പ്രശസ്തമായ മെക്കോ മെറിറ്റസ് കപ്പിൽ ഇരട്ട നേട്ടവുമായി റയോ റേസിങ് ടീം. മുംബൈയിൽ നിന്നുള്ള യുവതാരം കിയാൻ ഷാ റോട്ടാക്സ് സീനിയർ ടൈറ്റിൽ സ്വന്തമാക്കിയപ്പോൾ, മൈക്രോ വിഭാഗത്തിൽ മുംബൈയിൽ നിന്നുള്ള അഥർവ ഹേമാനി റോട്ടാക്സ് കിരീടം നേടി. റയോ റേസിങിന്റെ തന്നെ ആരവ് സുരേഖിനാണ് മൂന്നാം സ്ഥാനം. വിജയികൾക്ക് എഫ്.എം.എസ്.സി.ഐ നാഷണൽ കാർട്ടിങ് ചാമ്പ്യൻഷിപ്പിന്റെ എല്ലാ റൗണ്ടുകളിലേക്കും സൗജന്യ പ്രവേശനം ലഭിക്കും. അടുത്തിടെ തായ്‌ലൻഡിൽ നടന്ന ആർഎംസി ഏഷ്യ ട്രോഫിയിൽ പോഡിയം ഫിനിഷ് നേടിയ പതിനഞ്ചുകാരനായ കിയാൻ, മെറിറ്റസ് കപ്പിന്റെ ഒന്നാം റൗണ്ടിലെ ആദ്യ റേസിൽ ഒന്നാമതായും രണ്ടാം റേസിൽ രണ്ടാമതായും ഫിനിഷ് ചെയ്താണ് പോയിന്റ് പട്ടികയിൽ ഒന്നാമതെത്തിയത്. ടീമിന്റെ പ്രകനത്തിൽ, പ്രത്യേകിച്ച് കിയാന്റെ പ്രകടന പുരോഗതിയിൽ വളരെയധികം സന്തുഷ്ടമുണ്ടെന്ന് റയോ റേസിങിനെ നയിച്ച ദേശീയ ചാമ്പ്യൻ ആദിത്യ പട്നായിക് പറഞ്ഞു. ഞങ്ങളുടെ റേസർമാരുടെ മാനസികാവസ്ഥയിലും മനഃശാസ്ത്രത്തിലും ഞങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും, അതിന്റെ ഫലങ്ങളാണ് ഇപ്പോൾ കണ്ടുതുടങ്ങുന്നതെന്നും റയോ റേസിങ് സിഇഒ സൗരവ് ബന്ദോപാധ്യായ കൂട്ടിച്ചേർത്തു.



*ബെംഗളൂരുവിൽ നടന്ന മെക്കോ മെറിറ്റസ് കപ്പ് ഒന്നാം റൗണ്ടിന് ശേഷം ട്രോഫികളുമായി റായോ റേസിങിന്റെ അഥർവ, കിയാൻ ഷാ, ആരവ് എന്നിവർ.*

## നാലാം പാദത്തിൽ 167 കോടി രൂപ അറ്റാദായം നേടി ശ്രീറാം ജനറൽ ഇൻഷുറൻസ്

**കൊച്ചി:** ശ്രീറാം ഗ്രൂപ്പിനു കീഴിലുള്ള ശ്രീറാം ജനറൽ ഇൻഷുറൻസ് മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തെ നാലാം പാദത്തിൽ 167 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. 28 ശതമാനമാണ് വളർച്ച. മുൻവർഷത്തെ സമാനപാദത്തിൽ 130 കോടി രൂപയായിരുന്നു ലാഭം. ഇതോടെ കമ്പനിയുടെ മൊത്തം ലാഭം 17 ശതമാനം വളർച്ചയോടെ 601 കോടി രൂപയായി. കമ്പനിയുടെ മൊത്തം ആഭ്യന്തര പ്രീമിയം വരുമാനം നാലാം പാദത്തിൽ 21 ശതമാനം വളർച്ച നേടി 1332 കോടി രൂപയിലെത്തി. സാമ്പത്തികവർഷത്തെ മൊത്തം ആഭ്യന്തര പ്രീമിയം വരുമാനം 4636 കോടി രൂപയായി ഉയർന്നു. വാഹന ഇൻഷുറൻസ് മേഖലയിലുള്ള വളർച്ചയാണ് കമ്പനിയുടെ പ്രീമിയം വരുമാനം വർധിക്കാൻ കാരണം. സുസ്ഥിര വളർച്ചയിലും ലാഭക്ഷമതയിലും ഊന്നിയ പ്രവത്തനങ്ങളാണ് കമ്പനിക്ക് മികച്ച അറ്റദായം നേടിക്കൊടുത്തതെന്നും മത്സരാധിഷ്ഠിത സാഹചര്യത്തിലും തുടർച്ചയായ വർഷങ്ങളിൽ രാജ്യത്തെ മൊത്തം ഇൻഷുറൻസ് മേഖലയെക്കാൾ കൂടുതൽ വളർച്ച കരസ്ഥമാക്കാനായതായും ശ്രീറാം ജനറൽ ഇൻഷുറൻസ് കമ്പനി എംഡിയും സിഇഒയുമായ അനിൽ അഗർവാൾ പറഞ്ഞു.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ മനോരോഗ വിഭാഗത്തിൽ കേന്ദ്ര സാമൂഹ്യ നീതി വകുപ്പിന്റെ സ്കീമിൽ ഉൾപ്പെടുത്തിയ 'അഡിക്ഷൻ ട്രീറ്റ്മെന്റ് ഫെസിലിറ്റി' (ATF) സെന്ററിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സൈക്കാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികകളിലേക്കുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ മെയ് 25ന് രാവിലെ 11 മണിക്ക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽവച്ച് നടക്കും.

സൈക്കാട്രിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നവർക്ക് എം.ഡി അല്ലെങ്കിൽ ഡി.എൻ.ബി (DNB) ഇൻ സൈക്യാട്രിയും ടി.സി.എം.സി (TCMC) രജിസ്ട്രേഷനും ഉണ്ടായിരിക്കണം. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് എം.ഫിൽ ഇൻ ക്ലിനിക്കൽ സൈക്കോളജി അല്ലെങ്കിൽ എം.എസ്.സി (ക്ലിനിക്കൽ സൈക്കോളജി/സൈക്കോളജി) യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ആർ.സി.ഐ രജിസ്ട്രേഷനും നിർബന്ധമാണ്. അപേക്ഷകർ 40 വയസ്സിന് താഴെയുള്ളവരായിരിക്കണം.

# പുതിയ ഷോകൾ അവതരിപ്പിച്ച് വാർണർ ബ്രദേഴ്സ്

**കൊച്ചി:** വാർണർ ബ്രദേഴ്സ് ഡിസ്കവറി 2026ലെ വേനൽക്കാല കുട്ടികളുടെ വിനോദ പരിപാടികളുടെ ഭാഗമായി പോഗോ, കാർട്ടൂൺ നെറ്റ്വർക്ക്, ഡിസ്കവറി കിഡ്സ് ചാനലുകളിലായി 200–ത്തിലധികം പുതിയ എപ്പിസോഡുകൾ പ്രഖ്യാപിച്ചു.

'സമ്പത് ചമ്പത്' എന്ന പുതിയ അനിമേഷൻ ഷോ പോഗോയിലും 'കിയാൻ ആൻഡ് കിക്കി' കാർട്ടൂൺ നെറ്റ്വർക്കിലും അവതരിപ്പിക്കും. ലോട്ട്പോട്ട് കോമിക്സിലെ ജനപ്രിയ കഥാപാത്രങ്ങളെ ആസ്പദമാക്കിയതാണ് 'സമ്പത് ചമ്പത്'. മാജിക് കുടുംബത്തിന്റെ സാഹസിക കഥകളാണ് 'കിയാൻ ആൻഡ് കിക്കി' അവതരിപ്പിക്കുന്നത്.




ഇന്ത്യൻ കഥകളും സൃഷ്ടിപരമായ പ്രതിഭകളും ആഗോള തലത്തിൽ എത്തിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് പുതിയ ഉള്ളടക്കമെന്ന് വാർണർ ബ്രദേഴ്സ് ഡിസ്കവറി അറിയിച്ചു. പുതിയ ഷോകൾ ഡിസ്കവറി പ്ലസിലും സ്ട്രീം ചെയ്യും.

# ടിവിഎസ് ക്രെഡിറ്റിന് റെക്കോർഡ് ലാഭം; അറ്റാദായത്തിൽ 19 ശതമാനം വളർച്ച

**കൊച്ചി:** ടിവിഎസ് ക്രെഡിറ്റ് സർവീസസ് ലിമിറ്റഡ് 2026 സാമ്പത്തിക വർഷത്തിൽ 913 കോടി രൂപയുടെ റെക്കോർഡ് അറ്റാദായം കൈവരിച്ചു. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ലാഭത്തിൽ 19 ശതമാനത്തിന്റെ വളർച്ചയാണ് കമ്പനി രേഖപ്പെടുത്തിയത്. മൊത്തം വരുമാനം മുൻ വർഷത്തെ അപേക്ഷിച്ച് 9 ശതമാനം വളർച്ചയോടെ 7,196 കോടി രൂപയായി ഉയർന്നു. നികുതിക്ക് മുൻപുള്ള ലാഭം 21 ശതമാനം വർദ്ധനവോടെ 1,238 കോടി രൂപയിലെത്തി. വായ്പാ വിതരണം മുൻ വർഷത്തെ അപേക്ഷിച്ച് 26 ശതമാനം വളർച്ച രേഖപ്പെടുത്തി. കൈകാര്യം ചെയ്യുന്ന ആസ്തി 2026 മാർച്ചിലെ കണക്കനുസരിച്ച് 15 ശതമാനം വളർച്ചയോടെ 30,639 കോടി രൂപയായി.

നാലാം പാദത്തിലെ മൊത്തം വരുമാനം 11 ശതമാനം വളർച്ചയോടെ 1,859 കോടി രൂപയിലെത്തി. നികുതിക്ക് മുൻപുള്ള ലാഭം 15 ശതമാനം വളർച്ചയോടെ 348 കോടി രൂപയായി രേഖപ്പെടുത്തി. ഈ പാദത്തിലെ അറ്റാദായം 256 കോടി രൂപയാണ്, ഇത് മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 13 ശതമാനം കൂടുതലാണ്.

നഗര, അർദ്ധ–നഗര മേഖലകളിലെ ഉണർവ് മൂലം ഇരുചക്ര വാഹന വായ്പകൾക്ക് ശക്തമായ ഡിമാൻഡ് രേഖപ്പെടുത്തി. ഇലക്ട്രിക് വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രചാരവും വായ്പാ വിതരണത്തെ സഹായിച്ചു. സീസണൽ വാങ്ങലുകളും വ്യക്തിഗത ചെലവിടലിലെ വർദ്ധനവും ഈ വിഭാഗത്തിൽ സ്ഥിരതയാർന്ന വളർച്ച നൽകി. 2026 സാമ്പത്തിക വർഷത്തിൽ മാത്രം 53 ലക്ഷത്തിലധികം പുതിയ ഉപഭോക്താക്കൾക്ക് ടിവിഎസ് ക്രെഡിറ്റ് വായ്പകൾ നൽകി. ഇതോടെ കമ്പനിയുടെ ആകെ ഉപഭോക്താക്കളുടെ എണ്ണം 2.4 കോടിയ്ക്ക് മുകളിലായി. ആർബിഐയിൽ രജിസ്റ്റർ ചെയ്ത ഇന്ത്യയിലെ മുൻനിര എൻബിഎഫ്സികളിലൊന്നായ ടിവിഎസ് ക്രെഡിറ്റിന് രാജ്യത്തുടനീളം 60,500ലധികം ടച്ച് പോയിൻറുകളുണ്ട്. തുടർച്ചയായ മൂന്നാം വർഷവും 'ഗ്രേറ്റ് പ്ലേസ് ടു വർക്ക്' അംഗീകാരവും കമ്പനി നേടി. ആധുനിക സാങ്കേതിക വിദ്യയും ഡാറ്റാ അനലിറ്റിക്സും പ്രയോജനപ്പെടുത്തി ഉപഭോക്തൃ ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

# ടൈറ്റൻ പെർഫോമൻസ് സ്പോർട്സ് വാച്ച് ശേഖരമായ 'സീറോ അവർ' പുറത്തിറക്കി

**കൊച്ചി:** ടൈറ്റൻ വാച്ചസ്, തങ്ങളുടെ പുതിയ സബ് ബ്രാൻഡായ 'സീറോ അവർ' പുറത്തിറക്കി. കഠിനമായ സാഹചര്യങ്ങൾക്കായി രൂപകല്പന ചെയ്ത പെർഫോമൻസ് സ്പോർട്സ് വാച്ചുകളുടെ ശേഖരമായ സീറോ അവറിൽ ഈട്, വിശ്വസനീയത, സാങ്കേതിക പൂർണ്ണത എന്നിവയാൽ ശ്രദ്ധേയമായ കൃത്യതയാർന്ന വാച്ചുകളാണുള്ളത്.



100 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള ആഴങ്ങളിൽ പ്രവർത്തിക്കാൻ സജ്ജമായ പന്ത്രണ്ട് വ്യത്യസ്ത വാച്ചുകളാണ് 'സീറോ അവർ'വാച്ച് ശേഖരത്തിലുള്ളത്. ഇതിൽ ആഴക്കരുത്തിൽ മികച്ച് നിൽക്കുന്നത് ടൈറ്റൻ 500 മീറ്റർ പ്രൊഫഷണൽ ഡൈവേഴ്സ് വാച്ചാണ്. വെള്ളത്തിനടിയിലെ അതികഠിനമായ സാഹചര്യങ്ങൾക്കായി നിർമ്മിച്ച ഈ വാച്ച്, പ്രൊഫഷണൽ ഡൈവ് വാച്ചുകൾക്കായുള്ള ആഗോള നിലവാരമായ ഐഎസ്ഒ 6425 പാലിക്കുന്നു. സമുദ്രോപരിതലത്തിന് താഴെ മർദ്ദം തീവ്രമാകുകയും കൃത്യത അനിവാര്യമാവുകയും ചെയ്യുന്നിടത്താണ് ടൈറ്റൻ 500 മീറ്റർ പ്രൊഫഷണൽ ഡൈവർ അതിന്റെ കരുത്ത് തെളിയിക്കുന്നത്. 15.5 എം.എം കനമുള്ള ഇതിന്റെ കെയ്സ് ഗ്രേഡ് 2 ടൈറ്റാനിയം കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.

കേസിന്റെ രൂപഭംഗിക്ക് അനുയോജ്യമായ ഗ്രേഡ് 2 ടൈറ്റാനിയം ബ്രേസ്‌ലെറ്റാണ് വാച്ചിനുള്ളത്. ഇതിനൊപ്പം കൂടുതൽ ഫ്ളെക്സിബിൾ ആയ ഒരു എഫ്കെഎം സ്ട്രാപ്പും ലഭ്യമാണ്. ബ്രേസ്‌ലെറ്റും സ്ട്രാപ്പും എളുപ്പത്തിൽ മാറ്റിയാടാൻ സാധിക്കുന്ന വിധത്തിലുള്ള ക്വിക്ക്–റിലീസ് സിസ്റ്റത്തോടു കൂടിയവയാണ്. ടൈറ്റൻ 500 മീറ്റർ പ്രൊഫഷണൽ ഡൈവർ വാച്ച് രണ്ട് വേരിയന്റുകളിലായി 500 യൂണിറ്റുകൾ മാത്രമാണ് പുറത്തിറക്കുന്നത്. 500 മീറ്റർ ലിമിറ്റഡ് എഡിഷൻ വാച്ചുകൾക്ക് 75,995 രൂപ മുതൽ 77,995 രൂപ വരെയാണ് വില. 300 മീറ്റർ ഓട്ടോമാറ്റിക്, 200 മീറ്റർ, 100 മീറ്റർ വാച്ചുകൾ 15,795 രൂപ മുതൽ ലഭ്യമാണ്. ടൈറ്റൻ വേൾഡ് സ്റ്റോറുകൾ, വലിയ റീട്ടെയിൽ കേന്ദ്രങ്ങൾ, പ്രീമിയം വാച്ച് റീട്ടെയിലർമാർ, ഇ–കോമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവിടങ്ങളിലും www.titan.co.in എന്ന വെബ്സൈറ്റിലും 'സീറോ അവർ' വാച്ച് ശേഖരം ലഭ്യമാണ്.

നാല് പതിറ്റാണ്ടിലേറെയായി ഡിസൈൻ, കരകൗശല വൈദഗ്ദ്ധ്യം, നൂതനാശയങ്ങൾ എന്നിവയിലൂടെ ടൈറ്റൻ ഇന്ത്യൻ വാച്ച് നിർമ്മാണ മേഖലയെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ്, ടൈറ്റൻ വാച്ചസ് ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസർ രാഹുൽ ശുക്ല പറഞ്ഞു.

ഐഎസ്ഒ 6425 മാനദണ്ഡങ്ങൾക്കനുസൃതമായി നിർമ്മിച്ച ടൈറ്റന്റെ ആദ്യത്തെ 500 മീറ്റർ ഓട്ടോമാറ്റിക് ഡൈവർ എന്ന നിലയിൽ, ലോകത്തിനായി ഇന്ത്യയിൽ നിർമ്മിച്ച ഈ വാച്ച് മെക്കാനിക്കൽ വാച്ച് നിർമ്മാണത്തിലും ഹൈ–പ്രിസിഷൻ എഞ്ചിനീയറിംഗിലുമുള്ള ഞങ്ങളുടെ കഴിവുകളെ പ്രതിഫലിപ്പിക്കുന്ന ഒന്നാണെന്നും അദ്ദേഹം പറഞ്ഞു.

